**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602** **08-10-2024 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ; | (എ) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനം നാലാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും 24/07/2024 ൽ ഉദ്ഘാടനം നടത്തുകയും ചെയ്തു. പ്രസ്തുത പോർട്ടൽ വഴി അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ എത്ര സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ ഇതുവരെ സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>താഴെപ്പറയുന്ന 6 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്:<br><br>i. M/s Malabar Enterprises.<br><br>ii. M/s Classy Industrial Park.<br><br>iii. M/s P K Enterprises<br><br>iv. M/s Karikkad Devswom<br><br>iv. M/s Usaf Malabar Industrial Park LLP<br><br>**vi. M/s Cambria Edu Ventures**<br><br>മേൽ പറഞ്ഞ വ്യവസായ പാർക്കുകളുടെ നടത്തിപ്പ സംബന്ധിച്ച നടപടികൾ നിലവിൽ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |
| (സി) | ഏകജാലക സംവിധാനം വഴി സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾക്കാണ് ഈ സർക്കാർ ലൈസൻസ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഏകജാലക സംവിധാനമായ KSWIFT പോർട്ടൽ വഴി, സംസ്ഥാനത്ത് 46,095 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് 2019-ലെ "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്" പ്രകാരമുള്ള അക്നോളജ്മെന്റ് സർട്ടിഫിക്കറ്റുകളും 3,796 സംരംഭകർക്ക് വിവിധ |

| | | | |
|---|---|---|---|
| | | | അനുമതികളും ഈ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ